(ബി) ഇതുവരെ ഏതൊക്കെ തരത്തിലുള്ള പനി എത്ര പേർക്കാണ് ബാധിച്ചതെന്ന് എന്ന് ജില്ല തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) പകർച്ചപ്പനി ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വൈറൽപനി, ഡെങ്കിപ്പനി, എച്ച്.1 എൻ.1 എന്നിവ ചില സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടുന്നുണ്ട്. എലിപ്പനിയും മലമ്പനിയും ഒറ്റപ്പെട്ട രീതിയിൽ താരതമ്യേന കുറഞ്ഞ തോതിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സ്ക്രബ്ടൈഫസ് അഥവാ ചെള്ളുപനി തിരുവനന്തപുരം ജില്ലയിൽനിന്നും കൂടുതൽ കേസുകളും മറ്റ് ജില്ലകളിൽ നിന്നും ഒറ്റപ്പെട്ട കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഞ്ഞപ്പിത്തം എ മലപ്പുറത്താണ് താരതമ്യേന കൂടുതൽ. കരങ്ങുപനി വയനാട് ജില്ലയിൽ പൊട്ടിപ്പുറപ്പെട്ടുവെങ്കിലും ഇപ്പോൾ നിയന്ത്രണ വിധേയമായി. കാലാ അസർ രോഗം തൃശ്ശൂരിൽ ഒരാൾക്കും മലപ്പുറത്ത് രണ്ടുപേർക്കും ടൈഫോയ്ഡ് പാലക്കാട്, മലപ്പുറം, കൊല്ലം, വയനാട്, കോഴിക്കോട് ജില്ലകളിലാണ് താരതമ്യേന കൂടുതലുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -I ൽ കാണാവുന്നതാണ്.*

(സി)ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II-ൽ കാണാവുന്നതാണ്.*

അമൃതം ആരോഗ്യം പദ്ധതി

27 (3458) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിതശൈലീരോഗങ്ങൾ നേരത്തെതന്നെ കണ്ടെത്തുന്നതിനും അവയ്ക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നതിനും ജീവിതശൈലീരോഗ ക്ലിനിക്കുകൾ സ്ഥാപിക്കു ന്നതിനും അമൃതം ആരോഗ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം ക്ലിനിക്കുകൾ എവിടെയെല്ലാമാണ് ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്കും ഏതെല്ലാം വിഭാഗക്കാർക്കുമാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിത ശൈലീ നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുന്നതിനും രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുന്നതിനും രോഗം വരാതിരിക്കുന്നതിനായി അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ബോധവൽ ക്കരണം, പ്രത്യേക ജനവിഭാഗങ്ങൾക്കും രോഗങ്ങൾക്കുമെതിരെ പ്രത്യേക പരിപാടികൾ എന്നിവ 2011-12 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ക്യാൻസർ ചികിത്സ ജില്ലാതലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ക്യാൻസർ സെന്ററുകൾ, പക്ഷാഘാത ചികിത്സയ്ക്കായി ടെലിസ്ട്രോക്ക് പദ്ധതി, വിദൂരപ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്കായി 'കെയർ ഓൺ വീൽസ്', 'കെയർ ഓൺ വേവ്സ് പദ്ധതി', സ്കൂൾ കുട്ടികൾക്കായി ലീപ്പ് പദ്ധതി, തൊഴിൽശാലകളിൽ ജോലി ചെയ്യുന്നവർക്കായി വർക്ക് പ്ലെയ്സ് ഇന്റർവെൻഷൻ, യോഗാ പരിശീലനം, പോലീസുകാർക്കായി ഷെയ്പ്പ് (SHAPE) പദ്ധതി എന്നിവ അമൃതം ആരോഗ്യം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ കർമ്മ പരിപാടികളാണ്.

(ബി) അമൃതം ആരോഗ്യം പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിന് സംസ്ഥാനത്ത് 232 (ഇരുന്നൂറ്റി മുപ്പത്തിരണ്ട്) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 835 (എണ്ണൂറ്റി മുപ്പത്തി അഞ്ച്) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5144 (അയ്യായിരത്തി ഒരുനൂറ്റി നാൽപത്തിനാല്) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും അമൃതം ആരോഗ്യം ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനായി ഗ്ലൂക്കോമീറ്ററുകൾ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ എന്നിവ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും എല്ലാ ജീവനക്കാർക്കും ഇതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രോഗ ചികിത്സയ്ക്കായി വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രോട്ടോകോൾ തയ്യാറാക്കുകയും പ്രോട്ടോകോളിൽ പരാമർശിച്ചിരിക്കുന്ന മരുന്നുകൾ പ്രാഥമികാരോഗ്യകേന്ദ്ര തലംവരെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾക്ക് എ.പി.എൽ./ബി.പി.എൽ. തരംതിരിവില്ലാതെ എല്ലാ ജനവിഭാഗങ്ങൾക്കും മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്.